കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് അടയ്ക്കുന്ന കാര്യത്തിൽ ത്രിതല പഞ്ചായത്തുകളെ സർക്കാർ വകുപ്പുകൾക്ക് സമാനമായ "**പൊതുഅധികാരി**" (Public Authority) യായി കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (പി.എസ്. ) വകുപ്പ്

സ.ഉ (സാ.) നം. 63/ 2017 / ത.സ്വ.ഭ.വ    തിരുവനന്തപുരം, തീയതി, 09.01. 2017

---

പരാമർശം :- 1. 09.05.06 ലെ 11259/സി.ഡി.എം.5/2006/പൊ.ഭ.വ. നമ്പർ പ്രകാരവും 18.05.06 ലെ 893 -ാം നമ്പർ അസാധാരണഗസറ്റ് വഴിയും പുറപ്പെടുവിച്ച S.R.O.385/2006 നമ്പർ വിജ്ഞാപനം

2. 18.12.07 ലെ G.O.(P)540/2007/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും 22.12.07 ലെ 2290 -ാം നമ്പർ അസാധാരണ ഗസറ്റ് വഴിയും പുറപ്പെടുവിച്ച S.R.O. 1074/2007 നമ്പർ വിജ്ഞാപനം

3. 21.04.2016 ലെ സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ 13019/SIC-Gen 4/2015 നമ്പർ ഉത്തരവ്

ഉത്തരവ്

പൊതുജനങ്ങൾ സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ 10/- രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച് വിവരാവകാശ നിയമപ്രകാരം നൽകുന്ന അപേക്ഷകൾ ചില പഞ്ചായത്തുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ സ്വീകരിക്കാൻ വിസമ്മതിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള വിവരാവകാശ (ഫീസിന്റെയും ചെലവിന്റെയും ക്രമീകരണം) ചട്ടങ്ങൾ പ്രകാരം അപേക്ഷ ഫീസ് അടയ്ക്കുന്ന കാര്യത്തിൽ പഞ്ചായത്തുകൾ Public authorities other than Government Departments എന്നുള്ള വിഭാഗത്തിൽപ്പെട്ടുമെന്നും ആയതിനാൽ കേരള വിവരാവകാശ (ഫീസിന്റെയും ചെലവിന്റെയും ക്രമീകരണം) ചട്ടങ്ങളിലെ 3 -ാം ചട്ടത്തിലെ (2)-ാം ഉപചട്ടത്തിലെ (സി)യും (ഡി)യും ഖണ്ഡങ്ങൾ പ്രകാരമായിരിക്കും വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് അടയ്ക്കേണ്ടി വരികയെന്നും തന്മൂലം അപേക്ഷ ഫീസ് കോർട്ട് ഫീസ് സ്റ്റാമ്പായി സ്വീകരിക്കാൻ കഴിയുകയില്ലെന്നും പകരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഓഫീസിൽ ക്യാഷ് ആയിട്ടോ ഡിമാന്റ് ഡ്രാഫ്റ്റ്/ബാങ്ക് ചെക്ക്/പേ ഓർഡർ എന്നിവ ആയിട്ടോ മാത്രമേ അപേക്ഷാ ഫീസ് സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്നുമാണ് അപേക്ഷാ ഫീസ് കോർട്ട് ഫീസ് സ്റ്റാമ്പ് ആയി സ്വീകരിക്കാൻ വിസമ്മതിക്കുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ വ്യാഖ്യാനം. പഞ്ചായത്തുകൾ Public authorities other than Government Departments എന്ന വിഭാഗത്തിലാണോ Public Authority എന്ന വിഭാഗത്തിലോണോ ഉൾപ്പെടുന്നത് എന്നുള്ള കാര്യത്തിൽ വ്യക്തതയില്ലാത്തതാണ് ഇതിന് കാരണം. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചതിനാൽ അപേക്ഷ സ്വീകരിക്കാനാവില്ല എന്നത് നിലവിലുള്ള നിയമവും ചട്ടങ്ങളും പ്രകാരം നിലനിൽക്കുന്നതല്ല എന്ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ പരാമർശം രണ്ടിലെ ഉത്തരവിലൂടെ വിലയിരുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളെ Public Authority/ Public authorities other than

Government Departments എന്ന് വേർതിരിക്കുന്നത് ഒരു ഭരണപരമായ കാര്യം മാത്രമായതിനാൽ അതിൽ നിയമപ്രശ്നങ്ങളൊന്നും ഉൾപ്പെടുന്നില്ല. പൊതുജനങ്ങളുടേയും വിവരം തേടുന്നവരുടേയും സൗകര്യം കണക്കിലെടുത്ത് കൊണ്ട് വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് അടയ്ക്കുന്ന കാര്യത്തിൽ ത്രിതല പഞ്ചായത്തുകളെ സർക്കാർ വകുപ്പുകൾക്ക് സമാനമായ "**പൊതുഅധികാരി**" (Public Authority) യായി കണക്കാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ടി.പി.വിജയകുമാർ**
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസിന്.